# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന്റെ നടപടി ക്രമങ്ങൾ ലഘൂകരിക്കൽ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :3411 — 16.12.15- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ജനനം രജിസ്റ്റർ ചെയ്യാത്തവർക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ; | (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ യഥാസമയം ജനനം രജിസ്റ്റർ ചെയ്യാത്തവർക്ക് ജനനസർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. ജനനവും മരണവും അതത് തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റിൽ 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യേണ്ടതാണ്. 21 ദിവസം കഴിഞ്ഞ് 30 ദിവസം വരെ 2/-രൂപ പിഴയോടു കൂടി അതാത് തദ്ദേശ രജിസ്ട്രാർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. 30-ദിവസത്തിനകം രജിസ്റ്റർ ചെയ്യാത്ത ജനന-മരണങ്ങൾ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടു കൂടി രജിസ്ററർ ചെയ്യാവുന്നതാണ്. ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യാത്തവ ആർ.ഡി.ഒ യുടെ അനുമതിയോടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. 01-04-1970-ന് മുമ്പുള്ള ജനന-മരണങ്ങളും ഇപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.<br>1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 13 ഉപചട്ടം (3) അനുസരിച്ച് ഏതെങ്കിലും ജനനമോ മരണമോ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഫാറം നമ്പർ 10-ൽ ഒരു നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ജനന-മരണ രജിസ്ട്രാർ അപേക്ഷകന് നൽകേണ്ടതാണ്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 5/-രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച തദ്ദേശ ഭരണ രജിസ്ട്രാർക്കുള്ള അപേക്ഷയോടൊപ്പം ജനനം/മരണം നടന്ന സമയത്തെ താമസസ്ഥലം തെളിയിക്കുന്ന രേഖകൾ, ജനനം/മരണം നടന്ന സ്ഥലം |

| | | | |
|---|---|---|---|
| | | | തെളിയിക്കുന്ന രേഖകൾ, സർട്ടിഫിക്കറ്റ് ഫീസായ 2/-രൂപ, തെരച്ചിൽ ഫീസായി ഒരു വർഷത്തേക്ക് 2/-രൂപ വീതം, എന്നിവ അതത് തദ്ദേശ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകന് നോൺഅവയലബിലിറ്റി സർട്ടിഫിക്കറ്റ് നേരിട്ടും ആർ.ഡി.ഒ ക്ക് സമർപ്പിക്കാവുന്നതാണ്. ആർ.ഡി.ഒ യുടെ അനുമതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ രജിസ്ട്രാർ ജനനം/മരണം രജിസ്റ്റർ ചെയ്ത് അപേക്ഷകന് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. |
| (ബി) | പ്രസ്തുത ആളുകൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന്, വളരെയധികം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതും കാലതാമസം വരുത്തുന്നതുമായ നിലവിലെ വ്യവസ്ഥകൾ ലഘൂകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ നിലവിലെ വ്യവസ്ഥകൾ ലഘൂകരിച്ച്, ജനനസർട്ടിഫിക്കറ്റ് വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ